# സുപ്രഭാതം

പേജ് 12
₹ 7.50

• കോഴിക്കോട് • കണ്ണൂർ • മലപ്പുറം • തൃശൂർ • കൊച്ചി • തിരുവനന്തപുരം




എതിരാളികളെ വെറുക്കേണ്ട ആവശ്യമില്ല. ബി.ജെ.പി എം.പിമാർ തന്നെ കാണുമ്പോൾ ആലിംഗനം ചെയ്യുമെന്ന് കരുതി രണ്ട് സ്റ്റെപ്പ് പിറകിലേക്ക് പോവുകയാണ്

**രാഹുൽ ഗാന്ധി**
കോൺഗ്രസ് അധ്യക്ഷൻ


തിരുവനന്തപുരം

27 2018 ജൂലൈ **വെള്ളി**
1439 ദുൽഖഅ്ദ 13
1193 കർക്കിടകം 11

Registration No.KL/CT/223/2016-18
www.suprabhaatham.com
fb/Suprabhaatham


# രണ്ട് ഇന്ത്യക്കാർക്ക് മഗ്സാസെ പുരസ്കാരം



ഡോ. ഭരത്‌വട്‌വാനി



സോനം വാങ്ചുകു

ന്യൂഡൽഹി: രണ്ട് ഇന്ത്യക്കാർക്ക് മഗ്സാസെ പുരസ്കാരം. ഡോ. ഭരത്‌വട്‌വാനിയും സോനം വാങ്ചുകുമാണ് ജേതാക്കൾ. ആകെ ആറു പേർക്കാണ് ഈ വർഷം മഗ്സാസെ പുരസ്കാരം നൽകിയത്.

മാനസികാസ്വാസ്ഥ്യമുള്ള ആലംബഹീനരെ രക്ഷപ്പെടുത്തി കുടുംബങ്ങളിലേക്ക് മടക്കിയെത്തിക്കുന്നതിന് നൽകിയ ശ്രമങ്ങൾ കണക്കിലെടുത്താണ് വട്‌വാനിക്ക് അവാർഡ് നൽകിയത്.

1988ലാണ് ഭരത് വട്‌വാനിയും ഭാര്യയും തെരുവിൽ കഴിയുന്ന മാനസിക വെല്ലുവിളി നേരിടുന്നവരെ സംരക്ഷിക്കുന്നതിനായി ശ്രദ്ധ റീഹാബിലിറ്റേഷൻ ഫൗണ്ടേഷൻ എന്ന പേരിൽ സ്ഥാപനം തുടങ്ങിയത്.

ആരോരുമില്ലാതെ തെരുവിൽ കഴിയുന്ന ഇത്തരക്കാർക്ക് സൗജന്യ താമസവും ഭക്ഷണവും മനോരോഗ ചികിത്സയും നൽകിയ ശേഷം അവരുടെ കുടുംബാംഗങ്ങളെ കണ്ടെത്തി സുരക്ഷിതമായി തിരിച്ചേൽപ്പിക്കുകയാണ് ചെയ്യുന്നത്.

സാമൂഹ്യ പുരോഗതിക്കുവേണ്ടി നൽകിയ സമഗ്രസംഭാവനകൾ കണക്കിലെടുത്താണ് വാങ്ചുക്കിന് അവാർഡ് നൽകിയത്. ഓഗസ്റ്റ് 31ന് പുരസ്കാരം സമ്മാനിക്കും.

നൊബേൽ പുരസ്കാരത്തിന്റെ ഏഷ്യൻ പതിപ്പാണ് രമൺ മഗ്സാസെ അവാർഡ്. ഹോവാർഡ് ഡീ ( ഫിലിപ്പീൻസ്), മരിയ ഡി ലൂർദ് മാർട്ടിൻസ് ക്രൂസ് (കിഴക്കൻ തിമൂർ) വോ തി ഹോങ് യെൻ(വിയറ്റ്നാം), യൗക്ക് ചാങ് (കംബോഡിയ) എന്നിവരാണ് പുരസ്കാരം നേടിയ മറ്റുള്ളവർ.